# SMV HIGHER SECONDARY SCHOOL
# POONJAR



# ആമുഖം

വിവരവിനിമയസാങ്കേതികവിദ്യ വിദ്യാർത്ഥികളുടെ അറിവിന്റെ ചക്രവാളത്തെ വിസ്തൃതമാക്കുന്നു.ലോകം തന്നെ വിരൽത്തുമ്പിൽ തിരിയുന്ന ഈ കാലത്ത് ലിറ്റിൽ കൈറ്റ്സ് പോലെയുള്ള സംരംഭംഏറെ പ്രയോജനകരമാണ്.ഇതാ ഇവിടെ ഒരു കൂട്ടം കുട്ടികൾ അവരുടെ സർഗാത്മകശേഷി പരിപോഷിപ്പിക്കുന്ന **മികവ്** എന്ന പേരിൽ.

പൂഞ്ഞാർ എസ്.എം. വി.എച്ച്എസ്എസിലെ കുരുന്നു പ്രതിഭകൾ അവരുടെ സർഗാത്മക പ്രകടനം ഈ മാഗസിനിലൂടെ കാഴ്ച വയ്ക്കുന്നു.അധ്യാപകരുടെ കൈത്താങ്ങ് പ്രേരകശക്തിയാക്കിക്കൊണ്ട് കുട്ടികൾ അവരുടെ കഴിവ് ഇവിടെ പ്രകടമാക്കുന്നു.ഈ സംരംഭം ഒരു വൻ വിജയമാകട്ടെ.

*എഡിറ്റോറിയൽ ബോർഡ്*

## ആശംസകൾ

ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്ന പ്രവർത്തനങ്ങൾ നേരിട്ടുകാണുവാൻ അവസരം കിട്ടിയതിൽ ഏറെ ചാരിതാർത്ഥ്യം ഉണ്ട്.

*ഹെഡ്മാസ്റ്റർ*

*ആർ. നന്ദകുമാർ*



കുരുന്നു പ്രതിഭകളുടെ മികവ് നേരിട്ടുകാണുവാൻ അവസരം ലഭിച്ചു വളരെ സന്തോഷം തോന്നുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു



പ്രിൻസിപ്പാൾ

*ഷൈല. ജി. നായർ*

# ഉള്ളടക്കം

## കഥ

1.മാതൃഹൃദയം............................................................7
2.അഹങ്കാരത്തിന്റെ ഫലം...........................................8
3.Incessant fall of rain................................................ 9
4.കോഴിക്കുഞ്ഞിന്റെ അഹങ്കാരം....................................10
5.ചക്രവർത്തിയെ ചവിട്ടിയാൽ....................................... 11

## കവിത

1.Ripe mango fruit.....................................................12
2.Loving mother..........................................................13
3.The dawn..................................................................14
4.In thy nature.............................................................15
5.Earth.........................................................................16
6.പ്രതിമകൾ ഉണ്ടാകുന്നത്..............................................17
7.മനസ്സിന്റെ താളം.......................................................18
8.ചോദ്യം.........................................................................19
9.പ്രിയ കൂട്ടുകാരൻ.......................................................20
10.എൻ സോദരീ...............................................................21
11.എന്റെ ജീവിതമാകുന്ന അമ്മ.........................................22
12.അമ്മ മലയാളം.............................................................23

## *ചിത്ര രചനകൾ*

# മാതൃഹൃദയം

ഒരിടത്തൊരിടത്ത് ഒരു കുരുവിക്ക് രണ്ട് കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു.ഒരു കുഞ്ഞ് മഹാ വികൃതിയും കുസൃതിക്കാരിയുമായിരുന്നു.ഒരു ദിവസം അമ്മക്കുരുവി നെൽക്കതിർ തേടിയിറങ്ങി. പോകുന്നതിനുമുമ്പ് കൂട്ടിന് വെളിയിൽ ഇറങ്ങരുതെന്ന് അമ്മക്കുരുവി കുഞ്ഞുങ്ങളോട് പറഞ്ഞു.അമ്മക്കുരുവി പോയ തക്കം നോക്കി കുസൃതിക്കാരിയായ കുഞ്ഞ് കൂട്ടിന് പുറത്തിറങ്ങി.ഇതു കണ്ട് ഒരു പരുന്ത് ആ കുഞ്ഞിനെ റാഞ്ചി എടുക്കാൻ തീരുമാനിച്ചു.ആ പരുന്ത് താഴേക്കിറങ്ങി കുഞ്ഞിനെ റാഞ്ചിയെടുത്തുകൊണ്ടുപോയി. തീറ്റതേടിപ്പോയ അമ്മക്കുരുവി തിരിച്ചുവന്നു.കാര്യമറിഞ്ഞ അമ്മക്കുരുവിക്ക് സങ്കടത്താൽ കണ്ണിൽ നിന്ന് കണ്ണുനീർ പൊഴിഞ്ഞു....

*ഗുണപാഠം: എല്ലാവരെയും അനുസരിച്ച് ജീവിക്കുക. അനുസരണയില്ലായ്മ ആപത്തിൽ ചാടിക്കും.*

*ശ്രീക്കുട്ടി രാജൻ*

# അഹങ്കാരത്തിന്റെ ഫലം

ഒരിടത്തൊരിടത്ത് മൂന്ന് രാജകുമാര ന്മാർ ഉണ്ടായിരുന്നു . അവർ ഗുരുകുലവിദ്യാ-. ഭ്യാസം പൂർത്തിയാക്കി തിരിച്ച് അവരവരുടെ ഗൃഹത്തിലേക്ക് തിരിച്ചു . അവർപോകുന്ന വഴി വലിയൊരു കാട് കടക്കേണ്ടതായി ഉണ്ടായിരുന്നു.അവർ കാട്ടിലൂടെ നടക്കുംനേരം ഒരു സിംഹത്തിന്റെ എല്ലുകളും രക്തവും കണ്ടു. അവർ തമ്മിൽ തർക്കമായി.അവരിലാരാണ് ബലശാലി എന്നറിയാൻ.ആദ്യത്തെ രാജകുമാരൻ പറഞ്ഞു. ഈ കിടക്കുന്ന സിംഹത്തിന്റെ ശരീരം ഒന്നാക്കി ഇതിന് ജീവൻ നൽകുന്നതാരോ അവരാണ് ഏറ്റവും ബലശാലി.രണ്ടാമത്തെ രാജകുമാരൻ അതിന്റെ ശരീരമൊന്നാക്കി.മൂന്നാമത്തെ രാജകുമാരൻ അതിന് ജീവൻ സിംഹത്തിനെ കണ്ടതും രാജകുമാരന്മാർ ഓടാൻ തുടങ്ങി.പുറകെനൽകി.രാജകുമാരന്മരെ കണ്ടതും സിംഹം ഗർജിച്ചു. സിംഹവും.അവർ ഒരുപാട് ദൂരം ഓടി. കുറച്ചുകഴിഞ്ഞപ്പോൾ സിംഹത്തിനെ കാൺമാനില്ല.അവർ നോക്കുമ്പോൾ സിംഹം അവരുടെ മുൻപിൽ.അവർ ഭയപ്പെട്ടു.പെട്ടെന്ന് അവരുടെ ഗുരു പ്രത്യക്ഷപ്പെട്ടു.ഗുരു സിംഹത്തിനെ ആടാക്കിമാറ്റി.ഗുരു രാജകുമാരന്മാരോടായി പറഞ്ഞു.നിങ്ങളുടെ ശക്തികൾ നിങ്ങൾ ദുരുപയോഗം ചെയ്യുന്നുണ്ടോ എന്നറിയാൻ ഞാൻ നിങ്ങളുടെ പിറകെ ഉണ്ടായിരുന്നതിനാൽ നിങ്ങളെ ഞാൻ രക്ഷിച്ചു.ഇനി ഇത് ആവർത്തിക്കരുത്.

*അശ്വനി റ്റി. എ*

\

# INCESSANT FALL OF RAIN

That night when ummukulusu died umma stood
alone in the yard relatives had gone ,yard became empty
Rented chairs gas light and mats returned
Then came pussy searching her patted her sandal with
obstruction got into a ponel
There came wind looking her searched around her cloth
in the wardrobe not seeing her flew towards a tree
That night when ummukulusu died umma stood alone in
the yard suddenly came a heavy rain she ran into the house
Took out a torn umbrella with patches which she cries always
Forils poor state umma put it on her grave the rain which began
on that day has not yet been stopped

Aslam

# കോഴിക്കുഞ്ഞിന്റെ അഹങ്കാരം

ഒരിടത്ത്ത്തൊരിടത്ത് ഒരു കോഴിയമ്മയും 3 മക്കളും ഉണ്ടായിരുന്നു ഒരിക്കൽ ആകോഴിയമ്മതീറ്റതേടി പോയ സമയം ഒരു പരുന്ത് കുഞ്ഞുങ്ങൾ തീറ്റതേടുന്നസ്ഥലത്തേയ്ക്ക് വന്നു കോഴികുഞ്ഞുങ്ങൾ പരുന്തിനെ കണ്ടില്ലായിരുന്നു അവരിൽ മഹാവികൃതിയായ ചിന്നു എന്നു പേരുള്ളള കോഴികുഞ്ഞ് ഒറ്റക്ക് തീറ്റതേടിപോയ ചിന്നു പരുന്ത്കണ്ടു ചിന്നവിന്റെ കഴുത്തിൽ കയറി പരുന്ത് ഒറ്റകടി അവളു കഴുത്തിൽനിന്നും രക്തം വാർന്നു അതു കണ്ടുവന്ന കോഴിയമ്മയ്ക്കും കോഴിക്കുഞ്ഞുങ്ങൾക്കും വിഷമമായി പരുന്ത് ആകോഴിയെയും കൊണ്ട് പറന്നു.

അതോടെ കോഴിക്കുഞ്ഞുങ്ങൾക്ക് ഒരുകാര്യം മനസ്സിലായി അഹങ്കാരംആപത്താണ്

അഞ്ജുമോൾ ലിജു

# ചക്രവർത്തിയെ ചവിട്ടിയാൽ

തന്റെ മന്ത്രിമാരുടെ ബുദ്ധിശക്തി പരീക്ഷിക്കുന്നത് അക്ബർ ചക്രവർത്തയുടെ വിനോദമായിരുന്നു.ഒരു ദിവസം മന്ത്രിമാരടായി ചക്രവർത്തി പറഞ്ഞു:

"ഇന്നലെ നാം ഉറങ്ങിക്കിടക്കുമ്പോൾ ഒരുത്തൻ നമ്മുടെ കിടപ്പുമുറിയിലേയ്ക്ക് ഓടിക്കയറിവന്നു.വന്നതും അവൻ നമ്മുടെ മീശയിൽപ്പിടിച്ച് ഒറ്റവലി!പിന്നെ നെഞ്ചിൽ ഒരു ചവിട്ടും!നാം ഉണർന്ന് അവനെ കൈയ്യോടെ പിടികൂടി.അവന് എന്ത് ശിക്ഷകൊടുക്കണം?

"ആ ധിക്കാരിയുടെ തല ഉടൻ വെട്ടണം!" ഒരാൾ പറഞ്ഞു.

"ആനയെക്കൊണ്ട് ചവിട്ടിച്ച് കൊല്ലണം!"മറ്റൊരാൾ പറഞ്ഞു.

അക്ബറിന്റെ പ്രിയപ്പെട്ട മന്ത്രി ബീർബൽ ഇതെല്ലാം കേൾക്കുന്നുണ്ടായിരുന്നു.അദ്ദേഹം പറഞ്ഞു :"പ്രഭോ,അവന് ഇത്തിരി കൽക്കണ്ടവും ഒരു ഉമ്മയും കൊടുക്കണം."

"ഹ...ഹ...സമ്മതിച്ചു ബീർബൽ,താങ്കളുടെ ബുദ്ധിശക്തി!"

ചക്രവർത്തി പൊട്ടിച്ചിരിച്ചു.

മറ്റു മന്ത്രിമാർക്ക് ഒന്നും മനസ്സിലായില്ല.ബീർബൽ പറഞ്ഞു:
*"സദാസമയം കാവലുള്ള ഉറക്കറയിൽ കയറി ചക്രവർത്തിയെ ചവിട്ടാൻ ഒറ്റയൊരാളെ ധൈര്യപ്പെട്ടൂ-ചക്രവർത്തിയുടെ പേരക്കുട്ടി സലിം! ആ കുഞ്ഞിന് ഉമ്മയല്ലതെ വേറെന്തു നൽകാനാണ്?"*

*അജോ സിബി*

# Ripe mango fruit

when the first ripe mango fruit has fallen from the tree
hot tears rolled out from mother's eyes

four months ago , after a long green
tree became flowery, small mangos appeared
mother's dear, unni, like a burning fire work
plucked away a bouquet,came close and stood with joy

Mamma angered at him and said
'oh..... naughty , you pick it ..?
when ripe fruits fall, you are to take it
now simply beating the tassel"
Baby's face scorched, innocent eyes  became a pond of tears
he said," I won't come to pick mangoes
and threw away the bunch down

oh! babies, you cannot connect word together
but your foresight seemed to be pertaining to a God

Before the tender mangoes become ripe
mother's dear child passed away

later when the ripe fruit had fallen from the tree
she took it with folded hands
walked straight to his gave
put the fruit there and murmured
"this is my oblation, you are to suck it"

***ASHKAR PA***

# Loving Mother

The word 'mother' it is
from the heart of love
mother is the kind word
that uttered from the-
eoring heart and
solve many problems of children
mom is like a god
to every children

*Meenakshi Trideep*

# The Dawn

I wake up in the dawn
Hearing the singing of the birds
When I open my window
splashing sunlight touches my
face through greenery
The breeze bring fragrance
Of flowers to me
Lotus in the pond open her
Eyes to welcome her lover
Everything in the nature murmuring
their feelings
Brook dawn the hills glittering
*Its pebbles under the water.*

*Anna Maria Baisil*

# In thy nature

In thy nature is beauty
In thy nature is our life
In thy nature i find my treasure

In thy nature is very kind
In thy nature is peace
In thy nature i find sweet hearts
In thy nature every thing lasting in green

Bairavi.H

# EARTH

Earth is like a mother
to everyone
Earth is full of green
Beautiful plants, trees etc.
But now earth is polluted
*by ourselves.*

*Meenakshi Trideep*

# പ്രതിമകൾ ഉണ്ടാകുന്നത്

കരിഞ്ഞപാടത്ത്
വിഷം തീണ്ടിയ കർഷകന്റ
കരൾകൊത്തിയെടുത്ത  കഴുകന്റെ
നിണംപുരണ്ട കൊക്കുകളിൽപിടയുന്ന ജീവന്റ

കടം കുമിഞ്ഞുകൂടിയ
കണ്ഠത്തിലെ കയർ കുരുക്കിൽപിടയുന്ന ജീവന്റ
പിടയുന്ന ജീവന്റഓക്സിജൻ സിലിണ്ടറിലേക്ക്
ഞരക്കങ്ങളിൽ

ഒരിറ്റുശ്വാസത്തിനായി
ഓക്സിജൻ സിലിണ്ടറിലേക്ക്
കണ്ണ് തുറിച്ച
കുഞ്ഞിളം സ്വപ്നങ്ങളിൽ

താൻപാതിയുടെ ജഡം താങ്ങി
ചുമൽ തളർന്ന ഹൃദയത്തിൽകണ്ണീർക്കണങ്ങളിൽ
കിതപ്പിനുള്ളി കിനിയുന്ന
കണ്ണീർക്കണങ്ങളിൽ

അഷ്കർ പി എ

# മനസ്സിന്റെ താളം

ഹൃദയത്തിൽ സൂക്ഷിച്ച മണിമുത്ത്
ഞാൻ ഇന്നു നിനക്കുനീട്ടി
അതുനീയെൻ ജീവനെന്നറിഞ്ഞ്
മനസ്സിന്റെ ഉള്ളിലിട്ടു പിന്നീട് അറിഞ്ഞു ഞാൻ
നിന്നിലെ മോഹങ്ങൾ എന്നിലെ എന്നെ
അറിയുവാൻ മാത്രമാണെന്ന്
മനസ്സറിയാതെ മോഹിച്ച സ്വപ്നങ്ങ
ഓർത്തുഞാനന്നു കരഞ്ഞിരുന്നു
ഒരു ജന്മം തീയിൽ എറിയുവാനായ്
എനിക്ക് എന്തിനുതന്നു ഈ ജന്മം
മാറുമോ എനിക്കായ് നിന്റെ മനസ്സ്
മറ്റാർക്കും മാറ്റാൻ കഴിയാത്ത നിന്നെ
അന്നു ഞാൻ നിനക്ക് സ്വന്തമാക്കാം
സ്നേഹിച്ചെന്ന് വിശ്വസിച്ച്
ഈ ജന്മ കർമ്മഫലം പോലെ
ഒരു ഭ്രാന്തിയായി ഞാൻ ഉണ്ടാകും
എന്റെ ജീവനിൽനിന്നാത്മാവ് അകലുംവരെ
ആശിപ്പിക്കുന്ന മനസ്സിന്റെ ആശകൾ
തകരുമ്പോൾ അത് താളം തെറ്റിടുന്നു
*അതുലോകനിയമവും കർമ്മഫലവുമാണ്.*

*മീനാക്ഷി ഇ.എസ്*

# ചോദ്യം

കടം വാങ്ങിയ
ഓലയിൽ നിന്ന്
ഒരിറ്റ് വെള്ളവും
പുറത്തേക്കൊഴുകാറില്ല.
മിന്നലുമിടിയും ചേർത്ത് വായിച്ചത്
ഉടലില്ലാത്തെ സ്വപ്നത്തെയും
ഉടഞ്ഞ നിന്നെയുമായിരുന്നു.
നിന്നെ അറിയുന്നതിനെക്കാൾ
എന്നും എനിക്കറിയാം
ചോർന്നൊലിക്കുന്നവന്റെ
*ചോദ്യങ്ങൾ.*

*ഹാമിദ് എ സലാം*

# പ്രിയ കൂട്ടുകാരൻ

കാണാമറയത്തെ പ്രിയ കൂട്ടുകാരാ
നിന്നെ കാണാതെ കാണുന്നു ഞാൻ
കൺ മുൻപിൽ നിന്നെ കാണുമ്പോൾ
ഒരു കുന്നോളം സ്നേഹം മാത്രമാണ്
കാലത്തിൻ ഒഴുക്കിൽ നിൻ മൗന വികാരങ്ങൾ
എന്നെ തഴുകുമ്പോൾ ഏകാന്തരാത്രിയിൽ
സ്വപ്നത്തിൽ എന്നെ നീ വാരിപുണർന്ന്
ചുമ്പന പൂക്കളാൽ മൂടുമ്പോൾ ഓമലെ നീ
എന്നെ മറന്നുവോ ? ഞാൻ നിനക്ക് ആരായിരുന്നു
എന്ന് അറിയില്ല എന്ന് പറയുവാൻ തുടങ്ങിയ
എന്റെ ചുണ്ടുകൾ ചുംമ്പനത്തിൽ നീ അടച്ചു
ഭ്രാന്തമായ നീന്റെ വികാരത്തിൽ അറിഞ്ഞമരുമ്പോൾ
എന്റെ കാണ്ണുകൾ നിറഞ്ഞ്ഒഴുകിയിരുന്നു ആത്മ
നിർവൃതിയിൽ എന്നെ തഴുകുമ്പോൾ
ഓർത്തിരുന്നുവോ ? ഞാൻ നിനക്ക് ആരായിരുന്നു
എന്ന് ചൂടും തണുപ്പും മഴയും വെയിലും
അറിയാതെ നിന്നു ഞാൻ എന്റെ ആത്മാവു പോലെ

*മീനാക്ഷി ഇ.എസ്*


# എൻ സോദരി

നിത്യം എൻ സോദരീ നീ
നിൻ മിഴികളിൽ നിന്ന്
ഉതിർന്നു സ്നേഹം
നിത്യമാം ഞാനെന്നും ഓർക്കുന്ന നിൻ മുഖം
നിന്റെയീ യാത്രയിൽ എന്നോട് വിടചൊല്ലി
പോയ് നീ എങ്ങോ ആരുമറിയാതെ
ഉമ്മറത്തിണ്ണയിൽ വെള്ള പുതച്ച നിൻ മേനി കണ്ട്
ഉതിർന്ന അശ്രു എൻ മിഴികളിൽ നിന്ന്

ആരോടും പറയാതെ
ആരോടും മിണ്ടാതെ
എങ്ങോ പോയ് നീലാനായ്
രാത്രിയിൽ ശോഭ പരത്തി നക്ഷത്രമായ്
പകൽ ശോഭ പരത്തി സൂര്യനായ്
രാവിൽ ശോഭ പരത്തി നിലാവായ്
എങ്ങു എങ്ങുമെൻ ആത്മാവായ്
നീ വരൂ സഖി.......


ഹൃദയത്തിന്റെ ആഴങ്ങളിൽ
നിൻ ചിത്രം വരച്ചു ഞാൻ
ഓമനയാം നിൻ മുഖം കണ്ട്
വിതുമ്പി വിതുമ്പി ഞാൻ പോകയായ്
അന്ധമാം ഘോരമാം വഴിയിലൂടെ
മലയും കുന്നും പുഴയും
താണ്ടി ഞാൻ പോകയായ്...........

*ദേവപ്രിയ മോഹൻദാസ്*


Shuhaib
MUHAMMED SHUHAIB


MEENAKSHI C.S


JOMIYA JOY


MY TREE
SRUTHY V NAIR


AMJAD P NAZAR



SRUTHY V NAIR